സിഡ്കോയിലെ ജീവനക്കാരുടെ നിയമനം

216 (4207) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ജീവനക്കാരുടെ നിയമനം പി.എസ്.സി. വഴിയാക്കിയത് എന്നു മുതലാണ് ;

(ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പി.എസ്.സി. വഴിയല്ലാതെ ഏതെങ്കിലും തസ്തികകളിൽ സിഡ്കോ നേരിട്ടു നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു ; ഇവരോരുത്തർക്കും പ്രതിമാസം നൽകിയ ശമ്പളവും മറ്റ് അലവൻസുകളും എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇതിൽ എത്ര തസ്തികകൾ സർക്കാർ അംഗീകരിച്ചവയുണ്ട് ; അനുമതിയില്ലാത്ത എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; ആരാണ് നിയമനം നൽകിയത് ;

(ഡി) സർക്കാർ അംഗീകാരമില്ലാതെയും പി.എസ്.സി. വഴിയല്ലാതെയും നിയമനം നടന്നത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചത് ;

(ഇ) പി.എസ്.സി. സ്കിൽഡ് വർക്കർമാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) കേരള സിഡ്കോയിലെ ചില തസ്തികകളിലെ നിയമനം പി.എസ്.സി. വഴിയും മറ്റ് ചില തസ്തികകളിൽ നേരിട്ടുള്ള നിയമന രീതിയുമാണ് നിലവിലുള്ളത്. 15-8-1975 മുതലാണ് പി.എസ്.സി. വഴിയുള്ള നിയമനം നടപ്പിലാക്കി തുടങ്ങിയത്.

(ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. വഴിയല്ലാതെ സിഡ്കോയിൽ നടത്തിയ നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) പി.എസ്.സി. വഴി സ്കിൽഡ് വർക്കർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly